# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.443

## 28-02-2017 ൽ മറുപടിക്ക്

### കിഫ്ബി പദ്ധതികൾ

| ചോദ്യം<br>ശ്രീ.അനിൽ അക്കര | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) ഈ സർക്കാർ അധികാരം ഏറ്റശേഷം കിഫ്ബിയിൽ ഉൾപ്പെടുത്തി അംഗീകരിച്ച് നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം വെളിപ്പെടുത്തുമോ; | ഈ സർക്കാർ അധികാരം ഏറ്റെടുത്ത ശേഷം കിഫ്ബോർഡിന്റെ 27 ാമത് ബോർഡ് യോഗം (കിഫ് ബോർഡ് പുന:സംഘടിപ്പിച്ചതിനു ശേഷമുള്ള ആദ്യ ബോർഡ് യോഗം) 07.11.2016 ൽ ചേരുകയും 4004.86 കോടി രൂപയുടെ ധന സഹായം ഒന്നാം ഘട്ട പദ്ധതികൾക്കായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതികളുടെ വിശദാംശങ്ങൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. |
| (ബി) ഇതുവരെ ഈ പദ്ധതികൾക്കായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്; | ഭേദഗതി ചെയ്ത കിഫ് ആക്ട് 2016 പ്രകാരം ബോർഡ് അംഗീകരിച്ച പദ്ധതികൾക്കുള്ള ധന സഹായം അനുവദിക്കുന്നതിന് പദ്ധതി നിർവ്വഹണ ഏജൻസികൾ (SPV) പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട വിശദ വിവരങ്ങൾ ഓൺ ലൈനായി കിഫ്ബിക്ക് സമർപ്പിക്കേണ്ടതുണ്ട്. ഈ സംവിധാനമനുസരിച്ച് പ്രോജക്ട് നിർവ്വഹണ ചെലവുകൾ നിശ്ചയിക്കപ്പെട്ടിട്ടുള്ള ഘട്ടങ്ങളിൽ നേരിട്ട് |
| (സി) പദ്ധതികളുടെ ശേഷിക്കുന്ന പ്രവർത്തനത്തിന് ഇനി എന്ത് തുക ആവശ്യമുണ്ട് എന്നും ആയത് എന്നത്തേക്ക് പദ്ധതി നിർവ്വഹണ ഏജൻസികൾക്ക് കൈമാറുമെന്നും വ്യക്തമാക്കുമോ? | |

| | |
|---|---|
| | സപ്ലയർ, കോൺട്രാക്ടർ, സേവന ദാതാവ് മുതലായവരുടെ നിശ്ചിത ബാങ്ക് അക്കൗണ്ടിൽ ലഭ്യമാക്കാനുള്ള ഡയറക്ട് ബെനിഫിറ്റ് സംവിധാനം കിഫ്ബിയിൽ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. കിഫ് ബോർഡിന്റെ 27 ാമത് ബോർഡ് യോഗം അംഗീകരിച്ച പദ്ധതികളുടെ നടത്തിപ്പിന് ആദ്യ ഘട്ടത്തിൽ ആവശ്യമായ തുക നിലവിലെ ഫണ്ടിൽ നിന്നും കണ്ടെത്തുവാൻ കിഫ്ബി പ്രാപ്തമാണ്. കൂടാതെ 2016-17 ലെ പുതുക്കിയ ബഡ്ജറ്റ് പ്രഖ്യാപനമനുസരിച്ച് കിഫ്ബിക്ക് ലഭ്യമാക്കിയിട്ടുള്ള 10% മോട്ടോർ വാഹന നികുതിയും, പെട്രോളിയം ഉൽപന്നങ്ങളിന്മേലുള്ള സെസ്സും കിഫ്ബി അക്കൗണ്ടിൽ ലഭ്യമാക്കിയിട്ടുണ്ട്. നൂതന സംവിധാനമനുസരിച്ചുള്ള നടപടിക്രമങ്ങൾ പദ്ധതി നിർവ്വഹണ ഏജൻസികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് കിഫ്ബി ധനസഹായം നൽകുന്നതാണ്. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്